(ബി) എങ്കിൽ ഉദ്ദേശം എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) എണ്ണം കണക്കാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; അപകട സാദ്ധ്യത കൂടുതലുള്ള പാറകവാറികളിൽ പണിയെടുക്കുന്നവർക്ക് മിനിമം കൂലി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് അവസാനമായി പുതുക്കിയത് എന്നാണ് ;

(ഡി) കരിങ്കൽ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) ഉദ്ദേശം 20000 തൊഴിലാളികൾ പണിയെടുക്കുന്നതായി അറിവുണ്ട്.

(സി) മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് 30-3-1983-ൽ ആണ്.

(ഡി) കരിങ്കൽ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല. അതേ സമയം ഈ തൊഴിലാളികൾക്ക് ഇപ്പോൾ അതേ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗമായി ക്ഷേമാനുകൂല്യങ്ങൾ നേടാവുന്നതാണ്.

വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

54 (2632) ശ്രീ. കെ. പി.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവ ഓരോന്നിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ എത്ര ;

(ബി) ഓരോ ക്ഷേമനിധി ബോർഡിലും അംശാദായമായി പിരിഞ്ഞു കിട്ടിയ സംഖ്യ എത്ര ;

(സി) വിവിധ ക്ഷേമനിധി ബോർഡുകളിൽ ഓരോന്നിനും സർക്കാർ നൽകിയിട്ടുള്ള സംഖ്യ എത്ര ;

(ഡി) ഏതൊക്കെ ക്ഷേമനിധികളാണ് ഇന്ന് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പെൻഷൻ നൽകുന്നതിനായി ഓരോ ക്ഷേമനിധികൾക്കും സർക്കാർ നൽകിയിട്ടുള്ള സംഖ്യ എത്ര ;

(എഫ്) മോട്ടോർ തൊഴിലാളികളുടെ പെൻഷൻ പദ്ധതിക്ക് അംഗീകാരം നൽകാത്തതിന്റെ കാരണം അറിയിക്കാമോ ;

(ജി) കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(എഫ്) 1985-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുണ്ടാകുന്ന കാലതാമസം മൂലമാണ് പെൻഷൻ പദ്ധതിയുടെ അംഗീകാരം നൽകാൻ വൈകുന്നത്. ഇതിലേയ്ക്കായി സത്വര നടപടി സ്വീകരിച്ചുവരികയാണ്.

(ജി) പെൻഷൻ ഇപ്പോൾ തന്നെ നൽകി വരുന്നുണ്ട്.

തൊഴില്ലായ്മ വേതനം

55 (2633) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) തൊഴിലില്ലായ്മ വേതനം എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ 29-2-2000 വരെ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്നും കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് എത്ര രൂപ വേണ്ടി വരുമെന്നും വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശിക തുക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 31-12-1999 വരെ 72089 പേർക്ക് ജോലി നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലില്ലായ്മ വേതനം നൽകിയവരുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

1996-97	264382
1997-98	263715
1998-99	232264

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly